**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 780** **14-01-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് വൈപ്പിൻ മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ ; | (എ) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിശദാംശം അനുബന്ധമായി ചേർക്കുന്നു.പട്ടികവർഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് നൽകുന്നതാണ് |
| (ബി) | ഏതൊക്കെ പഞ്ചായത്തുകളിലായി ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഇവയിൽ പൂർത്തിയായവ ഏതൊക്കെയെന്നും വിശദമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് അനുവദിച്ച പദ്ധതികളും തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. പദ്ധതിയുടെ പേര് പഞ്ചായത്ത് അടങ്കൽ തുക (ലക്ഷത്തിൽ) സീഷോർ പട്ടികജാതി കോളനി-റോഡ് നിർമ്മാണം നായരമ്പലം 25.00 കാപ്പിൽച്ചിറ പട്ടികജാതി കോളനി-റോഡ് നിർമ്മാണം നായരമ്പലം 25.00 കൊല്ലേരിത്തറ കോളനി -റോഡ് നിർമ്മാണം നായരമ്പലം 10.00 പൊങ്ങത്തറ പട്ടികജാതി കോളനി സൈഡ് കെട്ട്,റോഡ് നിർമ്മാണം എടവനക്കാട് 25.00 മേൽ പ്രവൃത്തികളിൽ സീഷോർ കോളനി പ്രവൃത്തികൾ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. പട്ടികവർഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് നൽകുന്നതാണ് |
| (സി) | ഏതെല്ലാം പദ്ധതികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്നും ഇവയിൽ ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നതിൽ തടസ്സം നേരിട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (സി) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് വൈപ്പിൻ മണ്ഡലത്തിൽ അനുവദിച്ച പ്രവർത്തികളിൽ സീഷോർ കോളനി പ്രവർത്തികൾ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. പ്രവർത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ തയ്യാറാകാത്തതിനാൽ ശേഷിക്കുന്ന പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. പട്ടികവർഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് നൽകുന്നതാണ് |

സെക്ഷൻ ഓഫീസർ